പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6106      28.10.2011-ൽ മറുപടിക്ക്.

## ചെറുവിമാന സർവ്വീസ് നടത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി ശ്രേയാംസ് കുമാർ | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) | |
| (എ) | വയനാട്ടിൽ ചെറു വിമാനത്താവളങ്ങൾക്കായുള്ള സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | വയനാട് ഒരു എയർപോർട്ട് സ്ഥാപിക്കുന്നതിനായി സൈറ്റ് തീരുമാനിക്കുന്നതിനുള്ള പഠനം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ മുഖേന ചെയ്യുവാനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്ത് ആകാശ മാർഗ്ഗേയുള്ള ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിന് ഒരു സംസ്ഥാന വ്യോമയാന പദ്ധതി രൂപപ്പെടുത്തണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന വ്യോമയാന പദ്ധതിയുടെ മുഖ്യ സവിശേഷതകളെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് സൃഷ്ടിക്കുവാൻ നിലവിലുള്ള എയർപോർട്ടുകളുമായും ജില്ലാ ഭരണകൂടങ്ങളുമായും മറ്റ് ബന്ധപ്പെട്ടവരുമായും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 16.5.2011-ന് യോഗം ചേരുകയും പദ്ധതി നടത്തിപ്പിന്റെ വിവിധ വശങ്ങൾ ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാരോടും എയർപോർട്ട് ഡയറക്ടർമാരോടും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതു മൂലം വയനാടിന്റെ ടൂറിസ്റ്റ് മേഖലയിൽ വൻ വികസനത്തിനുള്ള സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (സി) | വയനാട്ടിൽ ചെറുവിമാന സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സംസ്ഥാന വ്യോമയാന പദ്ധതി രൂപീകരിക്കുമ്പോൾ അതിൽ ഇടുക്കി, വയനാട് , മലപ്പുറം എന്നീ ജില്ലകളിലേയ്ക്ക് ഹെലികോപ്ടർ സർവ്വീസും, amphibian plane സർവ്വീസും ഉൾപ്പെടുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ